# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 35 — 10-06-2014-ൽ മറുപടിക്ക്

**ടെക്നോളജി ഇന്നോവേഷൻ സോൺ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. റ്റി.എൻ.പ്രതാപൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സിയുടെ നേതൃത്വത്തിൽ കേരള ടെക്നോളജി ഇന്നോവേഷൻ സോണിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി. യുടെ നേതൃത്വത്തിൽ കേരള ടെക്നോളജി ഇന്നോവേഷൻ സോണിന് രൂപം നൽകിയിട്ടില്ല.<br><br>എന്നാൽ വിവര സാങ്കേതിക വിദ്യ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ടെക്നോ പാർക്കിൽ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സഹായത്തോടെ ടെക്നോപാർക്ക് ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്.<br><br>കേരളത്തിൽ 3000 ടെക്നോളജി സ്റ്റാർട്ട് അപ്പുകൾ സൃഷ്ടിക്കുവാനാണ് ലക്ഷ്യമിടുന്നത്. എല്ലാ മേഖലകളിലും സ്വയംസംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും Innovation-Incubation-Business Acceleration Eco-system വികസിപ്പിക്കുന്നതിനും വേണ്ടി രൂപീകരിച്ച സ്റ്റാർട്ട് അപ് പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്. |

1. ഇലക്ട്രോണിക്സ്, മൊബൈൽ കമ്മ്യൂണിക്കേഷൻസ്, കൃഷി, മത്സ്യബന്ധനം, ജനിതക സാങ്കേതികവിദ്യ തുടങ്ങിയ മേഖലയിലുള്ള വ്യാവസായിക പ്രമുഖരെ പങ്കെടുപ്പിച്ച് സംരംഭകത്വവും നൂതന ആശയങ്ങളും പ്രോത്സാഹിപ്പിക്കുക.

2. ഇൻക്യുബേറ്ററുകളുടെ സ്റ്റാർട്ട് അപ് വില്ലേജ് മോഡൽ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ മേഖലകളിൽ പി.പി.പി. മോഡലിൽ മൾട്ടിപ്പിൾ ഇൻക്യുബേറ്ററുകൾ സ്ഥാപിക്കുക.

3. എല്ലാ വ്യാവസായിക ഇൻക്യുബേറ്ററുകളും ഒരേ കുടക്കീഴിൽ കൊണ്ടുവരിക.

(ബി) ഇതിനായി എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി താഴെപ്പറയുന്ന സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

1. TTBIC യുടെ കീഴിൽ വരുന്ന എല്ലാ ഇൻക്യുബേറ്ററുകൾക്കുമുള്ള അടിസ്ഥാന സൗകര്യങ്ങൾ, വൈദ്യുതി, ജലം, ഇന്റർനെറ്റ് സൗകര്യം തുടങ്ങിയവ ലഭ്യമാക്കുന്ന ഒരു പ്ലഗ് ആന്റ് പ്ലേ സ്മാർട്ട് ഓഫീസായി പ്രവർത്തിക്കുന്നതാണ്.

2. സ്റ്റാർട്ട് അപ് സംരംഭങ്ങളിൽ പുതുതായി നിക്ഷേപം നടത്തുവാൻ താല്പര്യമുള്ള സംരംഭകർക്ക് സൗകര്യങ്ങൾ ചെയ്തു കൊടുക്കുവാനായി എയ്ഞ്ചൽ ഇൻവെസ്റ്റേഴ്സുമായി ബന്ധപ്പെടുത്തുന്നതാണ്.

കൂടാതെ പുതിയ സംരംഭകർക്ക് സൗകര്യപ്രദമായ ജോലി സമയം ക്രമീകരിക്കുന്നതിനായി താമസ സൗകര്യം ഏർപ്പെടുത്തുന്നതാണ്.

3. സംരംഭകർക്ക് കൂടുതൽ വിപണന സാദ്ധ്യതകൾ ഉണ്ടാകുന്നതിന് വേണ്ടി ദേശീയ അന്തർ ദേശീയ തലത്തിൽ വിവിധ പരിപാടികളും സെമിനാറുകളും സംഘടിപ്പിക്കുകയും അത്തരം അന്തർ ദേശീയ സെമിനാറുകളിലേയ്ക്കും പരി പാടികളിലേയ്ക്കും സംരംഭകരെ അയയ്ക്കു കയും ചെയ്യുന്നതാണ്.

4. Incubation/Innovation സംരംഭങ്ങൾ തുടങ്ങുന്നതിനായി സംരംഭകർക്ക് സീഡ് ഫണ്ടിംഗ് നൽകുന്നതാണ്.

5. വ്യവസായ പ്രമുഖരും, അക്കാഡമിക് രംഗത്തെ വിദഗ്ധരുമടങ്ങിയ മാർഗ്ഗദ ർശികളുടെ സഹായം സ്റ്റാർട്ട് അപ് പദ്ധതികൾക്ക് ലഭ്യമാക്കുന്നതാണ്.

6. സംരംഭകർക്ക് അവരുടെ ഉൽപന്ന ങ്ങളുടെ പ്രോട്ടോ ടൈപ്പുകൾ നിർമ്മിക്കു ന്നതിനായി ഫാബ് ലാബ് സൗകര്യം TTBIC ലും കളമശ്ശേരിയിലെ ടെക്നോ ളജി ഇന്നോവേഷൻ സോണിലും നൽകുന്ന താണ്.

കൂടാതെ കളമശ്ശേരി കിൻഫ്ര ഹൈടക് പാർക്കിൽ Rajiv Gandhi Centre for Bio Technology യുടെ മേൽനോട്ടത്തിൽ 45000

ചതുരശ്രയടി വിസ്തീർണ്ണത്തിൽ ഒരു ബയോടെക്നോളജി സെന്റർ പ്രവർത്തിച്ചു വരുന്നു. ഇതോടൊപ്പം 13.2 ഏക്കർ ഏറ്റെടുത്ത് 4.25 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണത്തിൽ പുതിയ 2 കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുവാൻ തീരുമാനമായിട്ടുണ്ട്. ഇവിടെ ഇലക്ട്രോണിക്സ്, നാനോ ടെക്നോളജി, ആനിമേഷൻ, ഗെയിമിംഗ് തുടങ്ങിയ മറ്റ് സാങ്കേതിക ശാഖകളിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ കൂടുതൽ TBIC കൾ തുടങ്ങുവാൻ പദ്ധതിയുണ്ട്.

ഇതുകൂടാതെ എഞ്ചിനീയറിംഗ് കോളേജുകൾ മറ്റ് സാങ്കേതിക ഗവേഷണ സ്ഥാപനങ്ങൾക്കും സ്റ്റാർട്ട് അപ് എന്ന ആശയം വ്യാപിപ്പിക്കുന്ന കാര്യം TTBIC യുടെ പരിഗണനയിലാണ്.

| | |
|---|---|
| (സി) എന്തെല്ലാം സഹായങ്ങളാണ് ഇതിനുവേണ്ടി കെ.എസ്.ഐ.ഡി.സി നൽകുന്നതെന്ന് വിശദമാക്കുമോ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ